# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : *50 — 08.08.2017 ൽ മറുപടിക്ക്

## വ്യവസായ അന്തരീക്ഷം ജനസൗഹൃദമാക്കുന്നതിന് നടപടികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.മുഹമ്മദ് മുഹസിൻ. പി.<br>ശ്രീ. സി. ദിവാകരൻ.<br>ശ്രീ. ഇ. കെ. വിജയൻ<br>ശ്രീ. വി. ആർ. സുനിൽകുമാർ** | | **ശ്രീ. എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) | സംസ്ഥാനത്ത് വ്യവസായ അന്തരീക്ഷം കൂടുതൽ ജനസൗഹൃദമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) & (ബി) | സംസ്ഥാനത്ത് വ്യവസായ - സൗഹൃദ പരമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും വ്യവസായ സംരംഭകർക്കുള്ള സൗകര്യങ്ങൾ സമയബന്ധിതമായി നൽകുന്നതിനും ആവശ്യമായ പാരിസ്ഥിതികാവസ്ഥ സൃഷ്ടിക്കുന്നതിനുമായി 'കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട്' എന്ന പേരിൽ നിയമനിർമ്മാണം നടത്താൻ സർക്കാർ തീരുമാനമായിട്ടുണ്ട്. അതുവഴി വ്യവസായ മേഖലയിലെ വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട അനുമതികൾ സംബന്ധിച്ചുള്ള നിലവിലുള്ള സർക്കാർ നിയമങ്ങൾ /ചട്ടങ്ങൾ, ഉത്തരവുകൾ നിലവിലുള്ള ഏകജാലകനിയമം, അടിസ്ഥാന സൗകര്യമേഖലയിലെ പുരോഗതി, അനുമതിക്കാവശ്യമായ പൊതുഅപേക്ഷാ ഫോറം തുടങ്ങിയവ പരിഷ്കരിക്കാൻ നടപടികൾ തുടങ്ങി. കൂടാതെ നിലവിലുള്ള ഏക ജാലക ക്ലിയറൻസ് സംവിധാനത്തിന്റെ മികച്ച പ്രവർത്തനത്തിന് 'ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ സെൽ' (ഐ പി എഫ് സി) ശക്തിപ്പെടുത്തേണ്ടതുണ്ട്. അതിന് ബന്ധപ്പെട്ട വകുപ്പുകളുടെ പ്രതിനിധികൾ ഉൾക്കൊള്ളുന്ന ഒരു സ്ഥിരം സെൽ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്പ്മെന്റ് |
| (ബി) | വ്യവസായ സംരംഭങ്ങളുടെ സുഗമമായ നടത്തിപ്പിനായി ഏതൊക്കെ ചട്ടങ്ങളിൽ മാറ്റം വരുത്താനാണ് ആലോചിക്കുന്നതെന്ന് വ്യക്തമാക്കുമോ; | | |

| | | | |
|---|---|---|---|
| | | | കോർപ്പറേഷനിൽ (കെ എസ് ഐ ഡി സി) പ്രവർത്തിക്കുന്നതാണ്. ഈ സംവിധാനം ജില്ലാതലത്തിൽ പ്രായോഗിക മാക്കുന്നതിനായി ജില്ലാ കളക്ടർ തലവനായി ബന്ധപ്പെട്ട വകുപ്പുകളിലെ പ്രതിനിധി ഉദ്യോഗസ്ഥൻമാർ ഉൾപ്പെടുന്ന ഒരു ജില്ലാതല സമിതി രൂപീകരിക്കുക, ബന്ധപ്പെട്ട വകുപ്പ കളിലേയും ഏജൻസികളിലെയും അപേക്ഷാ ഫോറങ്ങൾ ഏകീകരിച്ച് ഒരു പൊതു ഏകീകൃത അപേക്ഷാ ഫോറം കൊണ്ടുവരുന്നതിനായും നടപടികൾ സ്വീകരിക്കുന്നതാണ്. വ്യാവസായ സംരംഭങ്ങളുടെ പ്രവർത്തനത്തിനാവശ്യമായ ക്ലിയറൻസുകൾക്ക് മാറ്റം വരുത്താൻ ആലോചിക്കുന്ന ആക്റ്റുകളുടേയും റൂളുകളുടേയും പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു. |
| **(സി)** | വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനായി പണിതിട്ട കെട്ടിടങ്ങളും സ്ഥലവും പല പ്രദേശങ്ങളിലും ഉപയോഗപ്പെട്ടു ത്തിയിട്ടില്ലെന്നത് കണക്കിലെടുത്ത് അവയെ പ്രയോജനപ്പെ ടുത്തുന്നതിന് നടപടി സ്വീകരി ക്കുമോ? | **(സി)** | അനുവദിക്കപ്പെട്ട കെട്ടിടങ്ങളും സ്ഥലവും യഥാവിധി ഉപയോഗപ്പെടുത്താത്ത സാഹചര്യം ഉണ്ടെങ്കിൽ നിയമാനുസൃതം തിരിച്ചെടുത്ത് അർഹരായ സംരംഭകർക്ക് നൽകുന്ന നടപടി സ്വീകരിച്ച് വരുന്നു. കൂടാതെ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ കീഴിലുള്ള വ്യവസായ പാർക്കുകളിൽ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുന്നതിനു വേണ്ടി സംസ്ഥാനത്തിന് അകത്തും പുറത്തുമുള്ള സംരംഭകർക്കിടയിൽ ബോധ വൽക്കരണ നടപടികൾ നടത്തി വരുന്നുണ്ട്.<br>കിൻഫ്രയുടെ കീഴിലുള്ള ബഹുനില കെട്ടിട സമുച്ചയങ്ങളിലെ ഒഴിഞ്ഞുകിടക്കുന്ന സ്ഥല ങ്ങളിൽ സംരംഭകരെ കണ്ടെത്തുന്നതിനായി FICCI, KSSIA , CII തുടങ്ങിയ വ്യവസായ അസോസിയേഷനുകൾ വഴിയും ജില്ലാ വ്യവസായ കേന്ദ്രം മുഖാന്തിരവും ശ്രമങ്ങൾ നടത്തിവരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ.**

## അനുബന്ധം

കേരള പഞ്ചായത്തീരാജ് ആക്റ്റ്

കേരള മുനിസിപ്പാലിറ്റി ആക്റ്റ്

കേരള ലിഫ്റ്റ്സ് & എസ്കലേറ്റേഴ്സ് ആക്റ്റ്

കേരള ഗ്രൗണ്ട് വാട്ടർ ആക്റ്റ്

കേരള ഷോപ്സ് & കമേഴ്സ്യൽ എസ്റ്റാബ്ലിഷ് മെന്റ് ആക്റ്റ്

കേരള ഹെഡ് ലോഡ് വർക്കേഴ്സ് ആക്റ്റ്

കേരള ഇൻഡസ്ട്രിയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്സ് & ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡെവലപ്പ്മെന്റ് ആക്റ്റ് 1999

കേരള ഫാക്ടറീസ് റൂൾസ് 1957

കേരള രജിസ്ട്രേഷൻ റൂൾസ്

കേരള ഇന്റർ സ്റ്റേറ്റ് മൈഗ്രന്റ് വർക്കേഴ്സ് റൂൾസ് 1983

കേരള കോൺട്രാക്റ്റ് ലേബർ റൂൾസ് 1974

ബിൽഡിംഗ് & കൺസ്ട്രക്ഷൻ വർക്കേഴ്സ് - കേരള റൂൾസ് 1998

കേരള മോട്ടോർ ട്രാൻസ്പോർട് വർക്കേഴ്സ് റൂൾസ് 1962

കേരള പഞ്ചായത്തീരാജ് റൂൾസ്

കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ്

കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ്